**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4099** **28-06-2024 - ൽ മറുപടിയ്ക്ക്**

**കെ.എം.എസ്.സി.എൽ-ൽ കരാർ/ദിവസ വേതന നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കെ.എം.എസ്.സി.എൽ.- ൽ മാനദണ്ഡമോ സർക്കാർ ഉത്തരവുകളോ പാലിക്കാതെ എത്ര ജീവനക്കാർക്ക് കരാർ/ദിവസ വേതന അടിസ്ഥാനത്തിൽ നാളിതു വരെ നിയമനം നൽകിയിട്ടുണ്ടെന്ന് തരം തിരിച്ച് അറിയിക്കാമോ; | (എ) | കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ രൂപീകരിച്ചുകൊണ്ടുള്ള 1.11.2007 -ലെ സ.ഉ. (പി) 448/2007/ആകുവ നമ്പർ ഉത്തരവിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ വിവിധ കാലയളവുകളിലായി പത്രപ്പരസ്യം നല്കിയും, നേരിട്ടും, ഡെപ്യൂട്ടേഷൻ മുഖേനയും ജീവനക്കാരെ കോർപ്പറേഷൻ നിയമിച്ചു വന്നിരുന്നു.<br><br>നാളിതുവരെ 669 ജീവനക്കാർക്ക് കരാർ അടിസ്ഥാനത്തിലും 40 പേർക്ക് ദിവസവേതനാടിസ്ഥാനത്തിലും നിയമനം നൽകിയിട്ടുണ്ട്. 2019 ഡിസംബർ മുതൽ കോർപറേഷൻ പുതുതായി നടത്തുന്ന കരാർ നിയമനങ്ങളിൽ മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ട്. മാത്രവുമല്ല, ജീവനക്കാരുടെ ജനനത്തീയതി, യോഗ്യത, സേവന വിശദാംശങ്ങൾ എന്നിവ പരിശോധിച്ച് ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത കോർപറേഷന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിക്കുവാൻ തീരുമാനിക്കുകയും പ്രസ്തുത പരിശോധനയുടെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ട് തയ്യാറാക്കി വരികയും ചെയ്യുന്നു. |
| (ബി) | പ്രസ്തുത ജീവനക്കാർക്ക് 2008 മുതൽ നാളിതുവരെ ആകെ എത്ര രൂപ കെ.എം.എസ്.സി.എൽ. ശമ്പളമായി നൽകിയിട്ടുണ്ടെന്നുള്ള വിശദാംശം നൽകുമോ? | (ബി) | കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ രൂപീകരിച്ചുകൊണ്ടുള്ള 1.11.2007 -ലെ സ.ഉ. (പി) 448/2007/ആകുവ നമ്പർ ഉത്തരവിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ വിവിധ കാലയളവുകളിലായി പത്രപ്പരസ്യം നല്കിയും, നേരിട്ടും, ഡെപ്യൂട്ടേഷൻ മുഖേനയും ജീവനക്കാരെ കോർപ്പറേഷൻ നിയമിച്ചു വന്നിരുന്നു.<br><br>നാളിതുവരെ 669 ജീവനക്കാർക്ക് കരാർ അടിസ്ഥാനത്തിലും 40 പേർക്ക് |

| | | | |
|---|---|---|---|
| | | | ദിവസവേതനാടിസ്ഥാനത്തിലും നിയമനം നൽകിയിട്ടുണ്ട്. 2019 ഡിസംബർ മുതൽ കോർപറേഷൻ പുതുതായി നടത്തുന്ന കരാർ നിയമനങ്ങളിൽ മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ട്. മാത്രവുമല്ല, ജീവനക്കാരുടെ ജനനത്തീയതി, യോഗ്യത, സേവന വിശദാംശങ്ങൾ എന്നിവ പരിശോധിച്ച് ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത കോർപറേഷന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിക്കുവാൻ തീരുമാനിക്കുകയും പ്രസ്തുത പരിശോധനയുടെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ട് തയ്യാറാക്കി വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ